ഭരണഭാഷ-മാതൃഭാഷ"
**വ്യാവസായിക പരിശീലനവകുപ്പ്**
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം
നമ്പർ: തീയതി: 16/05/2019

## ചുറ്ററിയിപ്പ്

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്- ട്രെയിനിംഗ് ഡയറക്ടറേറ്റ് – – 2018-19 വർഷത്തെ ഇന്റർ ഐടിഐ ആർട്സ് & സ്പോർട്സ് മീറ്റ് നടത്തുന്നതിന് അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1)10.5.2019 ലെ ശ്രീമതി സൽമ സുലൈമാൻ, ചെയർ പേഴ്സൺ, KSITC സമർപിച്ച അപേക്ഷ.
2)16.5.2019 ലെ ശ്രീമതി സൽമ സുലൈമാൻ, ചെയർ പേഴ്സൺ, KSITC സമർപിച്ച അപേക്ഷ.
3)16.5.2019 തീയതിയിലെ DT/40221/2018-F3 നമ്പരായ ട്രെയിനിംഗ് ഡയറക്ടറുടെ ഉത്തരവ്.

സൂചന (1) ലെ കേരളാ സ്റ്റേറ്റ് ഇന്റർ ഐടിഐ കൗൺസിൽ ചെയർ പേഴ്സന്റെ അപേക്ഷ പരിഗണിച്ച് 2018-19 അധ്യയന വർഷത്തെ സംസ്ഥാന ഇന്റർ ഐടിഐ സ്പോർട്സ് മത്സരങ്ങൾ 2019 മേയ് 28,29 തീയതികളിൽ കോട്ടയം ജില്ലയിലെ പാല മുനിസിപ്പൽ സ്റ്റേഡിയത്തിൽ വെച്ച് നടത്തുന്നതിനും, സൂചന (2) ലെ കേരളാ സ്റ്റേറ്റ് ഇന്റർ ഐടിഐ കൗൺസിൽ ചെയർപേഴ്സന്റെ അപേക്ഷ പരിഗണിച്ച് 2018-19 അധ്യയന വർഷത്തെ സംസ്ഥാന ഇന്റർ ഐടിഐ ആർട്സ് മത്സരങ്ങൾ 2019 മേയ് 31, ജൂൺ 1, 2 തീയതികളിൽ ചന്ദനത്തോപ്പ് ഐടിഐയിൽ വെച്ച് നടത്തുന്നതിനും സൂചന (3) പ്രകാരം ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ ഇന്റർ ഐടിഐ സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായുള്ള എൻട്രികൾ (പ്രിൻസിപ്പാളിന്റെ ശുപാർശയോട്ടുകൂടി) 22.05.2019 തീയതി വൈകുന്നേരം 5 മണിയ്ക്കകം ഏറ്റുമാനൂർ ഐടിഐ പ്രിൻസിപ്പാൾ മുൻപാകെയും, ഇന്റർ ഐടിഐ കലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതിനായുള്ള എൻട്രികൾ (പ്രിൻസിപ്പാളിന്റെ ശുപാർശയോട്ടുകൂടി) 27.05.2019 തീയതി വൈകുന്നേരം 5 മണിയ്ക്കകം കൊല്ലം ചന്ദനത്തോപ്പ് ഐടിഐ പ്രിൻസിപ്പാൾ മുൻപാകെയും എത്തിക്കേണ്ടതാണ്.

ഇന്റർ ഐടിഐ സ്പോർട്സ് & ആർട്സ് മീറ്റ് സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സ്റ്റാഫ് അഡ്വൈസറായ പള്ളിക്കത്തോട് ഐടിഐയിലെ

സീനിയർ ഇൻസ്ട്രക്ടർ ശ്രീ.സജിമോൻ തോമസ്സുമായി, (ഫോൺ നം. 9446125346) ബന്ധപ്പെടേണ്ടതാണ്. മത്സര ഇനങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

CHANDRASEKAR S
ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്-

1. എല്ലാ ഐടിഐ/ബിടിസി /എവിടിഎസ് പ്രിൻസിപ്പാൾമാർക്കും.
2. എല്ലാ ട്രെയിനിംഗ് ഇൻസ്പെക്ടർമാർക്കും (ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനായി)

പകർപ്പ് -

1. പ്രിൻസിപ്പാൾ, ഐ ടി ഐ ചന്ദനതോപ്പ്
2. പ്രിൻസിപ്പാൾ, ഐ ടി ഐ ഏറ്റുമാനൂർ
3. ശ്രീ സജിമോൻ തോമസ്, സ്റ്റാഫ് അഡ്വൈസർ (പള്ളിക്കത്തോട് ഐ ടി ഐ പ്രിൻസിപ്പാൾ മുഖേന)

//അംഗീകാരത്തോടെ//

ജൂനിയർ സൂപ്രണ്ട്

# സ്പോർട്സ് ഇനങ്ങൾ 2019

| നംപർ | ഇനം | റിമാർക്ക്സ് |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | ആൺ / പെൺ |
| 2. | 200 മീറ്റർ ഓട്ടം | ആൺ / പെൺ |
| 3. | 400 മീറ്റർ ഓട്ടം | ആൺ / പെൺ |
| 4. | 800 മീറ്റർ ഓട്ടം | ആൺ / പെൺ |
| 5. | 1500 മീറ്റർ ഓട്ടം | ആൺ / പെൺ |
| 6. | 5000 മീറ്റർ ഓട്ടം | ആൺ / പെൺ |
| 7. | ലോങ്ങ് ജംപ് | ആൺ / പെൺ |
| 8. | ഹൈ ജംപ് | ആൺ / പെൺ |
| 9. | ട്രിപ്പിൾ ജംപ് | ആൺ / പെൺ |
| 10. | ഷോട്ട് പുട്ട് | ആൺ / പെൺ |
| 11. | ഡിസ്കസ് ത്രോ | ആൺ / പെൺ |
| 12. | ജാവലിൻ ത്രോ | ആൺ / പെൺ |
| 13. | 4 -100 റിലേ | ആൺ / പെൺ |
| 14. | 4 -400 റിലേ | ആൺ / പെൺ |
| 15. | ഷട്ടിൽ ബാഡ്മിന്റൻ (സിങ്കിൾസ്) | ആൺ / പെൺ |
| 16. | ഷട്ടിൽ ബാഡ്മിന്റൻ (ഡബിൾസ്) | ആൺ / പെൺ |
| 17. | ഫുട്ബോൾ | ആൺ കുട്ടികൾ മാത്രം |
| 18. | വോളിബോൾ | ആൺ കുട്ടികൾ മാത്രം |

## കലോത്സവ ഇനങ്ങൾ 2019

## വിഭാഗം -1

| നംപർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | ലളിതഗാനം | 5 മിനിറ്റ് | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരാൾ |
| 2. | പദ്യം ചൊല്ലൽ | 5 മിനിറ്റ് | |
| 3. | ശാസ്ത്രീയ സംഗീതം | 5 മിനിറ്റ് | |
| 4. | മാപ്പിളപ്പാട്ട് | 5 മിനിറ്റ് | |
| 5. | പ്രസംഗം (മലയാളം) | 5 മിനിറ്റ് | |
| 6. | പ്രസംഗം (ഇംഗ്ലീഷ്) | 5 മിനിറ്റ് | |
| 7. | മിമിക്രി | 5 മിനിറ്റ് | |
| 8. | മോണോ ആക്റ്റ് | 5 മിനിറ്റ് | |
| 9. | ഫാൻസിഡ്രസ് | 3 മിനിറ്റ് | |

## കലോത്സവ ഇനങ്ങൾ 2019

## വിഭാഗം -2

| നംപർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | ഗ്രൂപ്പ് ഡാൻസ് - 7 അംഗങ്ങൾ (പെൺ) | 10 മിനിറ്റ് | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരു ടീം |
| 2. | സംഘഗാനം - 7 അംഗങ്ങൾ | 5 മിനിറ്റ് | |
| 3. | തിരുവാതിര - 8+2 അംഗങ്ങൾ (പെൺ) | 5 മിനിറ്റ് | |
| 4. | മൈം 10 അംഗങ്ങൾ | 5 മിനിറ്റ് | |

# കലോത്സവ ഇനങ്ങൾ 2019

## വിഭാഗം -3

| നംപർ | ഇനം | സമയം | പങ്കെടുക്കാൻ അർഹതയുള്ളവർ |
|---|---|---|---|
| 1. | ഉപന്യാസ രചന | 1 മണിക്കൂർ | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരാൾ |
| 2. | ചെറുകഥ രചന | 1 മണിക്കൂർ | |
| 3. | കവിത രചന | 1 മണിക്കൂർ | |
| 4. | പെയിന്റിംഗ് | 1 മണിക്കൂർ | |
| 5. | കാർട്ടൂൺ | 45 മിനിറ്റ് | |
| 6. | പെൻസിൽ ഡ്രോയിംഗ് | 1 മണിക്കൂർ | |
| 7. | ക്വിസ്സ് മത്സരം ( 2 പേർ) | | എ ഗ്രേഡോടെ ഓരോ ഐ റ്റി ഐ ൽ നിന്നും ഒന്നാം സ്ഥാനം നേടിയ ഒരു ടീം |